milma

# എറണാകുളം മേഖലാ സഹകരണ ക്ഷീരോല്പാദക യൂണിയൻ ക്ളിപ്തം ഇ 150(ഡി)

## പി.ബി.നം.2212, ഇടപ്പള്ളി, കൊച്ചി - 682 024.

ഇയു:പി & ഐ: 5:പിആർസി:2024:/4419 30.09.2024

## സർക്കുലർ

വിഷയം: സംഘങ്ങൾക്ക് പാൽ വില ഇൻസെൻറീവ് നൽകുന്നത് തുടരുന്നത് സംബന്ധിച്ച്.
സൂചന : എറണാകുളം മേഖലാ യൂണിയൻ ഭരണസമിതിയുടെ 26.09.2024ലെ തീരുമാനം.

.....

എറണാകുളം മേഖലാ യൂണിയൻ സ്വാതന്ത്ര്യ ദിനം, ഓണം എന്നിവ പ്രമാണിച്ച് ക്ഷീരകർഷകർക്ക് പ്രോത്സാഹനമെന്ന നിലയിൽ , എറണാകുളം മേഖലാ യൂണിയന് പാൽ നൽകുന്ന എല്ലാ സംഘങ്ങൾക്കും, അവർ യൂണിയന് നൽകുന്ന പാലിനെ അടിസ്ഥാനമാക്കി സ്വാതന്ത്ര ദിന വാരത്തിന്റെ തുടക്കമായ 2024 ആഗസ്റ്റ് മാസം 11-ാം തീയതി മുതൽ 2024 സെപ്റ്റംബർ 30-ാം തീയതി വരെ സംഘങ്ങളിൽ നിന്നും സംഭരിക്കുന്ന ഓരോ ലിറ്റർ പാലിനും 10 രൂപ വീതം പാൽവില ഇൻസെന്റീവ് നൽകിയിരുന്നു. മേൽ സൂചന ഭരണസമിതി തീരുമാന പ്രകാരം ടി ഇൻസെന്റീവ് 2024 ഒക്ടോബർ 1 മുതൽ 2025 ജനുവരി 31 വരെ തുടരുന്നതിന് തീരുമാനിച്ചിട്ടുള്ള വിവരം സന്തോഷപൂർവ്വം അറിയിച്ചു കൊള്ളുന്നു. ടി തുക താഴെ പറയും പ്രകാരം വിനിയോഗിക്കേണ്ടതാണ്.

2024 ഒക്ടോബർ മാസം 1-ാം തീയതി മുതൽ 2025 ജനുവരി 31-ാം തീയതി വരെ എറണാകുളം മേഖലാ യൂണിയന് പാൽ നൽകുന്ന :

4. എല്ലാ സംഘങ്ങൾക്കും, കർഷകർക്ക് നൽകുന്നതിനായി അവർ യൂണിയന് നൽകുന്ന പാലിന് ലിറ്ററിന് 5രൂപ വച്ച് പാൽവില ഇൻസെന്റീവ് നൽകുന്നതാണ്. ടി തുക പാൽവിലയായി കർഷകർക്ക് നൽകേണ്ടതും ബന്ധപ്പെട്ട രേഖകൾ സംഘം തലത്തിൽ സൂക്ഷിയ്ക്കേണ്ടതുമാണ്.
5. എല്ലാ ആപ്കോസംഘങ്ങൾക്കും, അവർ യൂണിയന് നൽകുന്ന പാലിന് ലിറ്ററിന് 5രൂപയ്ക്ക് പുറമെ 4 രൂപ നിരക്കിൽ പ്രത്യേക ഇൻസന്റീവ് നൽകുന്നതാണ്. ടി തുകസംഘത്തിൻെറ ദൈനംദിന ചെലവുകൾക്കും, ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെയുള്ള ആവശ്യങ്ങൾക്കുമായി ഉപയോഗിക്കേണ്ടതും ബന്ധപ്പെട്ട രേഖകൾ സംഘം തലത്തിൽ സൂക്ഷിയ്ക്കേണ്ടതുമാണ്.
6. അംഗസംഘങ്ങൾക്ക് അവർ യൂണിയന് നൽകുന്ന പാലിന് ലിറ്ററിന് 9 രൂപയ്ക്ക് പുറമെ, 1 രൂപ നിരക്കിൽ അവരുടെ യൂണിയൻ ഓഹരി മൂലധനത്തിലേയ്ക്ക് വകയിരുത്തി നൽകുന്നതാണ്.

WILSON
മാനേജിംഗ് ഡയറക്ടർ

എല്ലാ ക്ഷീര സംഘങ്ങൾക്കും
ചെയർമാന്റെ അറിവിലേയ്ക്കായി

പകർപ്പ്:
എല്ലാ ഭരണസമിതി അംഗങ്ങൾക്കും
എല്ലാ ഡെയറി മാനേജർമാർക്കും - അറിവിനും അനന്തര നടപടികൾക്കുമായി
എല്ലാ പിആന്റ് ഐ യൂണിറ്റുകൾക്കും
സീനിയർ മാനേജർ(പ്രൊഡക്ഷൻ), മാർക്കറ്റിംഗ് ഹെഡ്,
അസി.മാനേജർ (എഫ് ആന്റ് എ)/ അസി.മാനേജർ (പ്രൊജക്ട്/എഞ്ചിനീയറിംഗ്)
സെക്ഷൻ ഹെഡ് (എം.ഐ.എസ്)
പി എ ടു എം.ഡി, ഹെഡ് ഓഫീസ്
എം.എഫ്/ഒ.സി